**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 08/2021 10 July 2021

# ദൈവവിളി വാരം

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19). മാമ്മോദീസാ സ്വീകരിച്ച നാമെല്ലാവരും ഉത്ഥിതനായ ഈശോയെ പ്രഘോഷിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ്. നമ്മുടെ അനുദിനജീവിതത്തിൽ നമ്മളായിരിക്കുന്ന അവസ്ഥയിൽ ഈ ഉത്തരവാദിത്വം നിറവേറ്റുവാൻ നാമെല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ടല്ലോ. സഭാത്മകവും കൗദാശികവുമായ ജീവിതം ഇതിന് നമ്മെ ഏറെ സഹായിക്കും.

സഭയുടെ ഏറ്റവും ചെറിയ പതിപ്പായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത് കുടുംബത്തെയാണല്ലോ ( LG 11). വിവാഹിതരാകുന്ന ദമ്പതികളുടെ പരമപ്രധാനമായ ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് കുട്ടികളെ ഉത്തമ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തുകയെന്നത്. ഉചിതമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ കുട്ടികളെ സഹായിക്കുന്നത് ഈ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. നമ്മുടെ കുട്ടികളും ഉത്തമ ജീവിതാന്തസ്സ് തിരഞ്ഞെടുത്ത് മിശിഹായ്ക്ക് ചേർന്ന കുടുംബജിവിതമോ, പൗരോഹിത്യജിവിതമോ, സന്ന്യസ്ഥജീവിതമോ ഏകസ്ഥജീവിതമോ നയിക്കുവാൻ അവരെ സഹായിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്. നമ്മുടെ ജീവിത ചുറ്റുപാടുകളിൽ ചില തത്വസംഹിതകളും ചിന്തകളും സംസ്കാര ശൈലികളുമെല്ലാം ചിലപ്പോൾ ഇതിന് ധാരാളം വെല്ലുവിളികളും പ്രതിസന്ധികളും സൃഷ്ടിക്കുന്നതാവാം. അതെല്ലാം അതിജീവിച്ച് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നതിനുള്ള സാഹചര്യങ്ങൾ നമ്മൾ സൃഷ്ടിക്കണം. ഉചിതമായ ദൈവവിളികൾ ഉണ്ടാകുന്നതിനായി നാമെല്ലാവരും അനുദിനം പ്രാർത്ഥിക്കണം.

നമ്മുടെ രൂപതയിൽ **2021 ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ എട്ടാം തീയതി വരെ ദൈവവിളി വാരമായി** നാം ആചരിക്കുകയാണ്. ആ ദിനങ്ങളിൽ നിങ്ങളെല്ലാവരും നിങ്ങളുടെ കുടുംബങ്ങളിൽ പ്രത്യേകമായി ഈ നിയോഗത്തിനായി പ്രാർത്ഥിക്കുമല്ലോ. നമ്മുടെ കമ്മ്യൂണിറ്റികളിൽ ആ ദിവസങ്ങളിൽ ഒരു ദിവസമെങ്കിലും ഈ നിയോഗാർത്ഥം വിശുദ്ധ കുർബാനയർപ്പിക്കുകകയും അതിനു ശേഷം 15 മിനിറ്റു നേരമെങ്കിലും ദിവ്യകാരുണ്യ ആരാധന നടത്തുകയും വേണം. നമ്മുടെ കുട്ടികളെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിന് സഹായിക്കുന്ന ഒരു പ്രോഗ്രാം **'Call'** എന്ന പേരിൽ തുടക്കം കുറിക്കുകയാണ്. ഇതിന്റെ ആദ്യ സെഷൻ ആഗസ്റ്റ് 16 ാം തീയതി വൈകിട്ട് ഏഴു മണിക്ക് online ആയി നടത്തപ്പെടുന്നു. നമ്മുടെ കുട്ടികൾ ഇതിൽ പങ്കെടുക്കുവാനും മാതാപിതാക്കൾ അവരെ പങ്കെടുപ്പിക്കുവാനും പ്രത്യേക ശ്രദ്ധ ചെലുത്തുമല്ലോ. ഉത്ഥിതനായ ഈശോ മിശിഹായുടെ സുവിശേഷത്തിന് നമുക്ക് ഒരുമിച്ച് സാക്ഷ്യം വഹിക്കാം. നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 ആഗസ്റ്റ് 8 ന് മുമ്പായി വായിക്കേണ്ടതാണ്.